
പട്ടം

# സന്ദേശം

ഒറ്റവിരൽതുമ്പ് കൊണ്ട് ലോകത്തെ വരുതിയിലാക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാവി വാഗ്ദാനങ്ങളായ കുരുന്നുകൾ തങ്ങളുടെ സർഗാത്മകതയെ വികസിപ്പിച്ചെടുക്കുകയും അതിനെ കാലാനുസൃതമായി വരച്ചുവെക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന .വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ പുറത്തിറക്കുന്ന 'പട്ടം' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

സ്നേഹാശംസകളോടെ

ഹെഡ്മാസ്റ്റർ
ജി എച്ച് എസ്
കുളിയാട്



# ആമുഖം

സാങ്കേതിക വിദ്യയുടെ സ്വാധീനം എല്ലാരംഗങ്ങളിലും നിലനിൽക്കുന്ന സമകാലീന സാഹചര്യത്തിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സർഗ സൃഷ്ടികൾ ചേർത്തുകൊണ്ട്

ഡിജിറ്റൽ മാഗസിൻ തയ്യാറായിരിക്കുന്നു. ഇത് ഞങ്ങളുടെ

ആദ്യസംരംഭമാണ്. ഇതിലെ

സൃഷ്ടികൾ ആസ്വദിക്കുകയും, മെച്ചപ്പെടുത്താനുള്ള വിലയേറിയ

നിർദേശങ്ങൾ നൽകുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ..........

ചീഫ് എഡിറ്റർ

## ഉള്ളടക്കം

വിട.....5
പ്രതീക്ഷകൾ.....11
യാത്ര.....12
സൂഫി പറഞ്ഞ കഥ.....15
വെറുതെ.....19
മടിയനുകിട്ടിയ ശിക്ഷ.....21
കൂടമാറ്റം.....22
ഹൃദയ താളം.....23
ഭൂമിയുടെ ഘാതകൻ.....25
ഇതൾ.....26
കുഞ്ഞപ്പാട്ട്.....27
തിരികെ ലഭിക്കുമോ.....28
.....29
സുഗതകുമാരി.....29

# വിട

## കഥ

*ബെല്ലടിക്കാനായപ്പോഴാണ് ലിനിടീച്ചർ സ്കൂളിലെത്തിയത് ഇതൊരു പുത്തൻ കാര്യമൊന്നമല്ല. ബെല്ലടിക്കാനാവുമ്പോൾ രണ്ടാം നിലയിലെ സ്റ്റാഫ്റൂമിലേക്കുള്ള ടീച്ചറുടെ ധ്രുതിനിറഞ്ഞ കോണിപ്പടിക്കയറ്റം എന്നും പതിവാണ്. പ്രിൻസിപ്പാൾ എത്തുന്നതിനുമുമ്പേ സ്റ്റാഫ്റൂമിൽ എത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആ ഓടിക്കയറ്റം . ഓട്ടത്തിനിടയിലായിരുന്നു 8-c യുടെ മുന്നിൽ ഒരു മുഖം ദ്രശ്യമായത്.*

*ആ കണ്ണുകൾ തുറിച്ചുനോക്കുന്നത് ടീച്ചറുടെ മുഖമായിരുന്നു. എന്നാൽ വെപ്രാളത്തിൽ ആ കണ്ണുകളെ അന്വേഷിക്കാൻ ടീച്ചർക്ക് സമയമു ണ്ടായിരുന്നില്ല .പക്ഷേ ആ കണ്ണുകൾ ടീച്ചറെതന്നെയായിരുന്നു അന്വേഷിച്ചുകൊണ്ടിരുന്നത്. ടീച്ചർ സ്റ്റാഫ്റൂമിന്റെ പടിവാതിൽ കയറുന്നതുവരെ ആ കണ്ണുകൾ ടീച്ചറെതന്നെ നോക്കികൊണ്ടിരുന്നു.*

*സയൻസ് അദ്ധ്യാപികയാണ് ലിനി ടീച്ചർ . ഉച്ചയ്ക്കുശേഷമാണ് 8-c ക്ലാസിലേക്ക് പോവേണ്ടത് . ടീച്ചർ പതിവുപോലെ ക്ലാസിൽ കയറി . എല്ലാവരും എഴുന്നേറ്റ് ഗുഡ് ആഫ്റ്റർ നൂൺ എന്ന് പറഞ്ഞപ്പോൾ അവൻ എഴുന്നേറ്റ് നിന്നതല്ലാതെ ഒന്നും പറഞ്ഞില്ല അത് ടീച്ചറുടെ ശ്രദ്ധയിൽ പെട്ടുകയുണ്ടായി . ടീച്ചർ അവനെതന്നെ നോക്കി നിന്നു . ടീച്ചർ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായതുകൊണ്ടാവാം അവൻ മുഖം താഴ് ത്തിപ്പിടിച്ചത് . ടീച്ചർ മെല്ലെ അവന്റടുത്ത് നടന്നു . എന്കിലും അവനൊരു നോട്ടംപോലും നോക്കിയില്ല .*

*"എന്താ മോന്റെ പേര് "-ടീച്ചർ വളരെ ശാന്തമായി ചോദിച്ചു. അവനൊരന്നും മിണ്ടിയില്ല. വീണ്ടും ചോദിച്ചപ്പോൾ ഇടറിയ ശബ്ദത്തോടെ അവൻ*

പറഞ്ഞു .'അതുൽ'. വീണ്ടും ടീച്ചർ ചോദിച്ചു – 'എവിടയാ നിന്റെ സ്ഥലം '.അവനൊന്നും
പ്രതികരിച്ചില്ല . ആവർത്തത്തിച്ച് ചോദിച്ചിട്ടും അവനൊരു അനക്കവുമില്ല. ടീച്ചർ
സംശയത്തോടെ കുട്ടികളോട് ചോദിച്ചു .ഇവനൊന്നുംമിണ്ടാറില്ലേ?'അവൻ
പുതിയതാ ടീച്ചറേ '– കുട്ടികൾ മറുപടി കൊടുത്തു. പുതിയ കുട്ടിയായതുകൊണ്ടാവാം
എന്നു വിചാരിച്ച് ടീച്ചർ ക്ലാസ്സെടുത്തു . ടീച്ചർ ക്ലാസെടുത്ത ഓരോ സെക്കന്റിലും
ഒരിഞ്ച് തെറ്റാതെ അവൻ ടീച്ചറുടെ മുഖത്തേക്കു തന്നെ നോക്കി കൊണ്ടിരുന്നു.
ടീച്ചറത് അവനറിയാതെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവന്റെ കണ്ണുകളിൽ ഒരെട്ടാം
ക്ലാസുകാരന്റെ പ്രസരിപ്പില്ല . എന്തോ ഒരു വിഷമം അവനെ അലട്ടുന്നുണ്ടെന്ന്
ടീച്ചർക്ക് മനസ്സിലായി .
ലിനി ടീച്ചർ സഹഅദ്ധ്യാപികമാരോട് അവനെകുറിച്ച് ചോദിച്ചു .

അവരൊക്കെ അവന് മോശം സർട്ടിഫിക്കറ്റാണ് നൽകിയിരുന്നത്. അവന്റെ
നോട്ടം ശരിയില്ലത്രേ . ഇസ്തിരിയിടാത്ത യൂണിഫോം,ചീകിയൊരുക്കാതെ
എണ്ണമയമില്ലാത്ത മുടികൾ , മെലിഞ്ഞുണങ്ങിയ ശരീരം . ഇതൊക്കെയായിരുന്നു
അവരുടെ അവനെക്കുറിച്ചുള്ള അഭപ്രായം ടീച്ചർ അവനെ ഒന്നറിയാൻ തന്നെ
തീരുമാനിച്ചു .
അടുത്തദിവസം ടീച്ചർ ധൃതിപിടിച്ച് കോണിപ്പടി കയറുമ്പോൾ
ടീച്ചറുടെ കണ്ണുകൾ 8c യുടെ മുന്നിലായിരുന്നു അവൻ അവിടത്തന്നെ കോണിപ്പടിയും നോക്കിനിൽപ്പുണ്ടായിരുന്നു. പതിവ് പോലെ തീക്ഷ്ണമായി
ടീച്ചറുടെ മുഖത്തേക്ക് തന്നെ നോക്കാൻ തുടങ്ങി .'ക്ലാസിൽ കയറ് മോനെ
ബെല്ലടിക്കാറായി '–ടീച്ചർ അവനെ നോക്കിപറഞ്ഞു . അവൻ ഒന്നും

*മിണ്ടാതെ*
*ക്ലാസിൽ കയറി . ഇതൊരു പതിവായിരിക്കുകയാണ് . ടീച്ചർ വന്നതിനുശേഷമേ*
*അവൻ ക്ലാസിൽ കയറൂ . ടീച്ചർ കയറാൻ പറയുന്നതുവരെ അവനവിടെ നിൽക്കും .*
*എന്നാൽ ആരോടും ചിരിക്കില്ല , മിണ്ടില്ല , മുഖം തരില്ല , ടീച്ചർ പേരെടുത്തുവിളിച്ചാൽ മാത്രം പോയ്ക്കോളും . പല തവണ ടീച്ചർ അവനോട്*
*സംസാരിക്കാൻ ശ്രമിച്ചു . അപ്പോഴൊക്കെ അവൻ പിടിതരാതെ ഓടിമറയുകയായി–*
*രുന്നു .*

*ഒരു ദിവസം ലൈബ്രറി റൂമിൽ സൗ കര്യത്തിൽ ടീച്ചർക്ക് അവനെ കിട്ടി.*
*അവൻ ഓടിക്കളയുന്നതുകൊണ്ടാവാം ടീച്ചർ അവന്റെ രണ്ടുകൈകളും കൂട്ടിപ്പിടിച്ച്*
*ഒരിടത്തിരുത്തിയത് . അവന്റെ കണ്ണുകളിൽതന്നെ നോക്കി . ടീച്ചറുടെ പിടുത്തത്തിൽ*
*അവനാകെ തണുത്ത് വിറങ്ങലിച്ചിരുന്നു . എൻകിലും പിടിവിട്ടില്ല . ടീച്ചർ അവനെ*
*നോക്കി ഒന്ന് പുഞ്ചിരിച്ചെൻകിലും ഒരു പ്രതികരണവും നൽകാതെ അവൻ*
*ടീച്ചറുടെ കണ്ണുകളിലേക്ക് തന്നെ നോക്കിയിരുന്നു . ടീച്ചർ വളരെ മയത്തിൽ*
*ശാന്തമായി അവനോട് കാര്യങ്ങൾ തിരക്കി . പക്ഷേ ഒരു ഫലവുമുണ്ടായിരുന്നു .*
*പക്ഷേ അവന് തന്നോട് എന്തോ പറയാനുണ്ടെന്ന് ടീച്ചർ മനസ്സിലാക്കി .*
*എൻകിലും അജ്ഞാതമായ എന്തോ അവനെ പറയാനനുവദിക്കുന്നില്ല . അവസാനം*
*അവനൊരു ചോദ്യം ചോദിച്ചു –'അടുത്ത വർഷവും ടീച്ചറല്ലേ സയൻസെടുക്കുക?'*
*അവന് ചോദിക്കാനുള്ളത് ഇത് മാത്രമായിരുന്നു . ടീച്ചർ മെല്ലേ അവന്റെ കൈയിളക്കി . എന്നിട്ട് ക്ലാസിലേക്ക് പോവാൻ പറഞ്ഞു . അവനും ഒന്നും*
*പറയാതെ മെല്ലെ ക്ലാസിലേക്ക് നടന്നു . വീണ്ടും വീണ്ടും അവന്റെ മനസ്സ്*
*വായിക്കാൻ ടീച്ചർ ശ്രമിച്ചുകൊണ്ടേയിരുന്നു . പക്ഷേ പുതുതായി*

*വന്നതിനാൽ*
*അവനെക്കുറിച്ച് ആർക്കുമൊന്നുമറിയില്ലായിരുന്നു . അവൻ ഏകാന്തതയുടെ*
*നിഴലിൽ മുന്നോട്ടുനടന്നു .*

*ആയിടെയായിരുന്നു സ്കൂളിൽ വിദ്യാരംഗം ക്ലബിനുകീഴിൽ വിവിധയിനം*
*മത്സരങ്ങൾ നടത്തിയത് . കഥാരചനാമത്സരം ,കവിതരചനാമത്സരം , ചിത്രരചനാമത്സരം തുടങ്ങിയ വിവിധയിനം മത്സരങ്ങൾ . കവിതാമത്സരം*
*നടത്തിപ്പിന്റെ ഉത്തരവാദിത്വം ലിനിടീച്ചർക്കായിരുന്നു . അന്ന് രാത്രി ടീച്ചർ*
*കുട്ടികളുടെ കവിതകൾ നോക്കുന്ന തിരക്കിലായിരുന്നു . പക്ഷേ ഉറക്കം ടീച്ചറെ*
*വല്ലാതെ ശല്യപ്പെടുത്തുകയായിരുന്നു . രാവിലെ നോക്കാമെന്നുകരുതി പേപ്പറെല്ലാം*
*അടുക്കിവെക്കുമ്പോഴായിരുന്നു ' അതുൽ ' എന്ന പേര് ടീച്ചറുടെ ശ്രദ്ധയിൽപ്പെട്ടത് .*
*ടീച്ചർ മെല്ലെ ആ പേപ്പർ കയ്യിലെടുത്തു . എന്നിട്ട് ഉറക്കിനെ വകഞ്ഞുമാറ്റി*
*പകുതിമുറിഞ്ഞ അക്ഷരങ്ങൾ കൂട്ടിവായിക്കാൻ ശ്രമിച്ചു . അവിടിവിടെയായി*
*വെള്ളത്തുള്ളികൾ പതിഞ്ഞ മഷി വലിഞ്ഞിട്ടുണ്ടായിരുന്നു . ടീച്ചർ മെല്ലെ ആ*
*നനഞ്ഞ പേപ്പർ ടീച്ചറുടെ കാതുകളിൽ എന്തൊക്കെയോ പറഞ്ഞുകഴിഞ്ഞു .*
*എന്റെ അമ്മയുടെ നിറവും മണവുമാണ് ടീച്ചർക്ക് ടീച്ചറെ അമ്മെയെന്ന്*
*വിളിക്കാൻ കൊതിയാവുന്നു , എന്നൊക്കെയായിരുന്നു വരികളിലെ ആശയം .*
*ഇത് വായിച്ചപ്പോൾ ടീച്ചറുടെ മനസ്സിലെ ചിന്തകൾ നിഗൂഢമായ ഒരു ലോകത്തേക്ക് പോയിക്കൊണ്ടിരുന്നു .*

*അടുത്ത ദിവസം അവനെ കാണണമെന്ന ചിന്തയോടെ മാത്രമായിരുന്നു*
*ടീച്ചർ സ്കൂളിലേക്ക് പോയത് . പക്ഷേ അവൻ എന്നത്തെയും പോലെ ക്ലാസിനു*

*മുന്നിലുണ്ടായിരുന്നില്ല . ടീച്ചർ വളരെ വേഗത്തിൽ നടന്ന് ക്ലാസിനുള്ളിലേക്ക്
ആകാംക്ഷയോടെ എത്തിനോക്കി . അവൻ അവിടെ ഡെസ്കിൽ തലചായച്ച്
കിടപ്പുണ്ട് . കുട്ടികളാരും എത്തിയിട്ടുണ്ടായിരുന്നില്ല . ടീച്ചർ മെല്ലെ അവനടുത്തേക്ക്
ചെന്നിരുന്നു . അവന്റെ കൈകളിൽ തൊട്ട് 'അതുൽ ' എന്ന് വിളിച്ചു . അവൻ
പെട്ടെന്നെഴുന്നേറ്റു . അവനെന്റെ കണ്ണുകളിലേക്ക് നോക്കി . ആ കണ്ണുകൾക്ക്
ടീച്ചർ ചോദിക്കാൻ പോവുന്നതറിയാമായിരുന്നു . അവൻ വിതുമ്പുന്ന ചുണ്ടുകളോടെ
പറഞ്ഞു .രണ്ട് വർഷം മുമ്പ് കാൻസർ ബാധിച്ച് എന്റമ്മ മരിച്ചു . ടീച്ചറെ കാണുമ്പോൾ എനിക്കെന്റെ അമ്മയെ ഓർമ്മവരും . അതേ മുഖം ...അതേ ചിരി...
അതേ മുടി ... അവൻ വാക്കുകൾ മുഴുമിക്കാൻ കഴിയാതെ പൊട്ടികരഞ്ഞു .കരഞ്ഞു
കലങ്ങിയ കണ്ണുകളുമായി അവൻ പുറത്തേക്ക് നടന്നു.*

*അറിയാതെ അടർന്നുവീണ കണ്ണീർകണങ്ങൾ പതുക്കെ തുടച്ച് ടീച്ചർ
മെല്ലെ സ്റ്റാഫ്റൂമിലേക്ക് നടന്നു . മനസ്സ് മുഴുവൻ അവൻ കരയുന്ന ചിത്രമായിരുന്നു .
പുറമെയുള്ള ചുടുനീർ മായ്ചെൻകിലും മനസ്സിനുള്ളിൽ തറച്ച ആ കുഞ്ഞുമുള്ള്
മായിച്ചെടുക്കാൻ കഴിഞ്ഞില്ല . അപ്പോഴും ടീച്ചർ എന്തോ ഉരുവിട്ടുകൊണ്ടേയിരുന്നു .
അവൻ എഴുതിയ കവിതയുടെ വാചകമായ 'വിട' ആയിരുന്നു അത്.*

*സഫ്ന അഷ്റഫ് (9a)*



# പ്രതീക്ഷകൾ

## കവിത

കനലുകളെരിയുന്ന പാതകൾപ്പുറം
ഒരു പൂക്കാലമുണ്ടായിരിക്കും
അവിടെ സ്വപ്നങ്ങൾവിടരുന്ന വയലുകൾ നിറയെ
പൂമ്പാറ്റകൾ  പാറിക്കളിക്കും

കുട്ടികൾ  സാമോദം കളിവിരുന്നൂട്ടുന്ന
തണൽ മരച്ചോട്ടുകൾ  കാണും
ചുമ്മാ പിണങ്ങിയും പിന്നെയിണങ്ങിയും
സ്നേഹത്തിൻ തേൻ മധുവുണ്ണും

എല്ലാവരും ചേർന്നിരുന്നു പഠിക്കുന്നു
നൻമ വിദ്യാലയങ്ങളുണ്ടാകും
അക്ഷരങ്ങൾ  കോർത്തു ലോകം മെനയുന്നു
സ്നേഹത്തിൻ പാഠങ്ങൾ പഠിക്കും

നൻമയും സ്നേഹവും കരുതലും തീർക്കുന്ന
ഹൃദയ വിശാലത നേടും പിന്നെ
നമ്മളീ ലോകത്തിൽ പുതിയപ്രഭാതത്തിൽ
സുഖമുള്ള സംഗീതം പരത്തും

മാതാപിതാഗുരു ദൈവമെന്നോതുന്ന
പാഠങ്ങൾ നെഞ്ചോട്ടു ചേർക്കും
പുതുലോക സൃഷ്ടിക്കായ് പുതുവഴിവെട്ടുന്ന
മാനുഷരായി നാം മുന്നേറും

–വനജ . എ . എ

## യാത്ര

യാത്രകൾ
തേടാനുള്ളതാണ്
കണ്ടു മുട്ടുമ്പോൾ
തിരിഞ്ഞുനടക്കണം
നീ എന്നിലേക്കും
ഞാൻ നിന്നിലേക്കും
യാത്ര ചെയ്തു കൊണ്ടേയിരിക്കുന്നു.

## കടൽ

കാഴ്ചകൾ
അപൂർണമാകുന്നു
നീ കടൽ കാണുമ്പോൾ
ഞാൻ ചിപ്പികൾമാത്രം
കാണുന്നു.
നീ കടലാഴങ്ങൾ തേടുമ്പോൾ
ഞാൻ ഓളപ്പരപ്പിൽ
അലിയുന്നു.

## പടവുകൾ

പടി കയറുമ്പോൾ
എത്ര പേർ
ഉത്സാഹികൾ

## കാളിഞ്ചേശ്വരം

കാളിഞ്ചേശ്വരം
ദ്വൈതങ്ങളിൽ
ലയിക്കുന്നു.
ഇറക്കങ്ങൾ
കയറ്റങ്ങൾ

പട്ടം

ഇറങ്ങുമ്പോൾ
തനിച്ചായിരുന്നു
ഇറക്കമായിരുന്നു
എനിക്കിഷ്ടം
ഇറക്കത്തിൽ ഞാനൊരു
കയറ്റം കാണുന്നു.

ശിലാ ഹൃദയങ്ങളിൽ
തെളിനീര് നിറയുന്നു
ശിലാ മൗനങ്ങൾ
കാടിന്റെ സംഗീതം
പറയരുത് ഇനി
ശിലാഹൃദയനെന്ന്

## യാത്രാനന്തരം

മഴ തോർന്നിട്ടും
മരം പെയ്യുന്നു
വെറുതെ ....

സുഭാഷ് എ വി



# സൂഫി പറഞ്ഞ കഥ

## കഥ

ഒരു സന്യാസിയോട് ഒരാൾ ഒരു സംശയം ചോദിച്ചു സ്വാ മി എന്തു കൊണ്ടാണ് ചില സംജ്ഞനങ്ങൾ പോലും ചില സമയത്ത് ക്ഷിപകോപികളും അക്രമകാരികളുംചീത്ത വാക്കുകള പറയുന്നവരുമായി തീർന്നത്?

സന്യാസി ആ സംശയം ചോദിച്ചയാളെ സമീപത്തേക്ക് വിളിച്ചു. സന്യാസി അയാളുടെ കൈയിലിരുന്ന ജലം നിറഞ്ഞ പാത്രത്തിൽ നോക്കി ചോദിച്ചു.

നിങ്ങളുടെ നേരെ വന്ന് ഒരാൾ ശരീരത്തിലടിക്കുകയോ നിങ്ങളുടെ കൈയിൽ പിടിച്ചുലയ്ക്കുകയോ ചെയ്താൽ നി ങ്ങളുടെ പാത്രത്തിലുള്ള ജലം നിലത്ത് വീഴില്ലേ എന്താ കാരണം?

സന്യാസിയുടെ ചോദ്യത്തിന് ആ മനുഷ്യൻ നിഷ്കളങ്കമായി ഉത്തരം പറഞ്ഞു.

അപരൻ എന്റെ നേരെ വന്നിടിച്ചാലും എന്റെ കയ്യിൽ പിടിച്ച് കലുക്കിയതിനാലുമാണ് എന്റെ കൈവശമിരുന്ന പാത്ര ത്തിലെ ജലം താഴെ തുവിപോയത്

സന്യാസി പറഞ്ഞു .ഉത്തരം തെറ്റാണ് സന്യാസി തുടരുന്നു, നിങ്ങളുടെ കയ്യിലുള്ള പാത്രത്തിൽ പാൽ ആയിരുന്നു ഉണ്ടായിരുന്നതെങ്കിൽ അതായിരിക്കും തുവുക.

അതായത്,

എന്താണോ നിങ്ങളുടെ പാത്രത്തിലുള്ളത് അത് മാത്രമേ തുളുമ്പി പുറത്ത് പോവുകയുള്ളൂ.

എന്ത് ബാഹ്യസമ്മർദ്ദമുണ്ടായാലും നിങ്ങളുടെ കൈവശമുള്ള പാത്രത്തിൽ ഇല്ലാത്തതൊന്നും തുളുമ്പി പുറത്തേക്ക് പോവുകയില്ല.

സന്യാസി തുടർന്നു.

ജീവിതവും ഇതുപോലെയാണ്,ജീവിതത്തിൽ പലപ്പോഴും

വലിയ സംഘർഷങ്ങളോ ഉലയ്ക്കകളോ സംഭവിക്കുമ്പോൾ എന്താണോ നിങ്ങളിലുള്ളത് അത് സ്വാസൂഫി പറഞ്ഞ കഥ
കഥ

ഒരു സന്യാസിയോട് ഒരാൾ ഒരു സംശയം ചോദിച്ചു സ്വാ മി എന്തു കൊണ്ടാണ് ചില സംജ്ഞനങ്ങൾ പോലും ചില സമയത്ത് ക്ഷിപകോപികളും അക്രമകാരികളുംചീത്ത വാക്കുകള പറയുന്നവരുമായി തീർന്നത്?

സന്യാസി ആ സംശയം ചോദിച്ചയാളെ സമീപത്തേക്ക് വിളിച്ചു. സന്യാസി അയാളുടെ കൈയിലിരുന്ന ജലം നിറഞ്ഞ പാത്രത്തിൽ നോക്കി ചോദിച്ചു.
നിങ്ങളുടെ നേരെ വന്ന് ഒരാൾ ശരീരത്തിലടിക്കുകയോ നിങ്ങളുടെ കൈയിൽ പിടിച്ചുലയ്ക്കുകയോ ചെയ്താൽ നി ങ്ങളുടെ പാത്രത്തിലുള്ള ജലം നിലത്ത് വീഴില്ലേ എന്താ കാരണം?

സന്യാസിയുടെ ചോദ്യത്തിന് ആ മനുഷ്യൻ നിഷ്കളങ്കമായി
ഉത്തരം പറഞ്ഞു.

അപരൻ എന്റെ നേരെ വന്നിടിച്ചാലും എന്റെ കയ്യിൽ പിടിച്ച് കുലുക്കിയതിനാലുമാണ് എന്റെ കൈവശമിരുന്ന പാത്ര ത്തിലെ ജലം താഴെ തുവിപോയത്

സന്യാസി പറഞ്ഞു .ഉത്തരം തെറ്റാണ് സന്യാസി തുടരുന്നു, നിങ്ങളുടെ കയ്യിലുള്ള പാത്രത്തിൽ പാൽ ആയിരുന്നു ഉണ്ടായിരുന്നതെങ്കിൽ അതായിരിക്കും ഭാവികമായും പുറത്തേക്കുവരും.

എത്ര ബോധപൂർവ്വം ശ്രമിച്ചാലും അപ്രകാരം സംഭവിച്ചേ പറ്റൂ അതിനാൽ നാം സ്വയം നാം ചോദിച്ച് നോക്കും. എന്റെ ജീവിതമാകുന്ന പാത്രത്തിൽ ഞാൻ എന്താണ് സൂക്ഷിച്ചിട്ടുള്ളത്.

എന്റെ ജീവിതത്തിലെ സമ്മർദ്ദത്തിനിടയിലും പ്രയാസത്തിനിടയിലും ഞാൻ എപ്രകാരമാണ് പ്രതികരിക്കുന്നത്,
എന്താണ് എന്നിൽ നിന്നും പുറത്തേക്ക് വരുന്നത്

സന്തോഷം.......

സമാധാനം.......
കരുണ........
മനുഷ്യത്വം.....
മഹത്തായ കാര്യങ്ങൾ.........
അതോ!
ദേഷ്യം.......
ശത്രുത......
പരുക്കൻ ഭാഷകൾ.....
മറ്റ് കഠിന പ്രതികരണങ്ങൾ....
നിങ്ങൾ ചിന്തിച്ചുനോക്കൂ!
എന്തായിരിക്കും ഇപ്രകാരം സംഭവിക്കാൻ കാരണം?
നമുക്കിന്നുമുതൽ നമ്മുടെ ജീവിത പാത്രത്തിൽ,
സ്നേഹവും....
ദയയും......
സഹാനുഭൂതിയും........
ക്ഷമയും..........
സന്തോഷവും......
പരസ്പര ബഹുമാനവും സൂക്ഷിച്ച മനസ്സിൽ നൻമ
ഉള്ളവരായി
തീരാം................................................

അലീന .എം. സാബു

പട്ടം




9A

# വെറുതെ

**കവിത**

*ഉറക്കത്തിന്റെ  വേരറുക്കുന്ന*
*ചില  സ്വ പ്നങ്ങൾ,*
*ഉണരുമ്പോഴേക്കും  മാഞ്ഞുപോകുന്ന*
*മഴവില്ലുകൾ.*
*ചാവോക്കു  മരങ്ങൾക്കും  മൺതിട്ടുക്കുമപ്പുറം*
*എന്റെ  കാണാലോകത്തിനുമുകളിൽ*
*വട്ടമിട്ടു  പറക്കുന്ന  ക്രഷ്ണപ്പരുന്ത്.*
*നിന്റെ  ശാന്തിയിൽ, സമാധാനത്തിൽ*
*എന്റെ  വേദനകളുടെ, നിരാശകളുടെ  മാറാപ്പ്*
*യുദ്ധവുതിയിലെ  ഭക്ഷണപ്പൊതി  പോലെ*
*നിനക്കെത്തിച്ചുതരുന്ന  എന്റെ  ദൂതൻ.*
*കൈയ്യിലമ്പുമായ് നിലക്കുന്ന  വേടന്മാർ*
*എന്റെ  പരുന്തിനെ ഉന്നംവെയ്ക്കുന്നു.*
*നിന്റെ  മടിയിൽ വീണു നിശ്ചലമാകുന്ന*
*അതിനെയോർത്ത് ഞാൻ  ഞെട്ടിയുണരുന്നു.*
*നിന്റെ കണ്ണീരാണ് അതിനന്ത്യജലം*
*ആ  മിഴികളിലെ ആഴത്തിൽ നോക്കി*
*അതിനു യാത്ര പറയാതെ വയ്യല്ലോ.*
*അതിന്റെ  ത്രുവലുകളെ  തഴുകി,*
*പതിഞ്ഞ ,ചുംബനം  തല്ലി; ഇനി*
*തിരിഞ്ഞു നോക്കാതെ നീയും പോകുക......*
*ഇവിടെ,*
*ഉണർത്തപ്പെട്ട  ഉറക്കത്തിലെ*
*സ്വപ്നങ്ങളുടെ  വേരുകൾ*

*ആഴങ്ങൾ തേടിപ്പോകുന്നതും നോക്കി*
*ഞാനിരിക്കട്ടെ... വെറുതെ... വെറുതെ.*

***–ശോഭ.കെ.ബി.***



# മടിയനുകിട്ടിയ ശിക്ഷ

## കർഷകന് രണ്ട് മക്കളുണ്ടായിരുന്നു

രാമുവും ദാമുവും ദാമു സ്നേഹമുള്ളവനും ജോലിയിൽ ആത്മാർത്ഥതയുള്ളവനുംമാണ് എന്നാൽ രാമു മടിയനുംഅലസനും വികൃതിയുമായിരുന്നു .ദാമു അച്ഛൻെറ കൂടെ പാടത്ത് പോയി കഠിനമായി അധ്വാനിക്കും. ആ സമയത്ത് രാമു കിടന്നുറങ്ങുകയാണ് പതിവ് .

ഒരു ദിവസം ഇരുവരുടെയും അച്ഛൻ. രാമുവിനോടും ദാമുവിനോടുംവാഴവെക്കാൻകുഴി ഉണ്ടാക്കാൻ ആവശ്യപെടുന്നുദാമു തൻെറ ജോലി ആത്മാർത്ഥതയോടെ ചെയ്യാൻ ആരംഭിക്കുന്നു രാമു തന്റെ മടി കാരണം ജോലി ചെയ്യാതെ മടിച്ചിരുന്നു അങ്ങനെ കുഴികുത്തിയ സ്ഥലത്തുനിന്നും ദാമുവിന് ഒരു നിധി കിട്ടുന്നു അത് അച്ഛൻ രാമുവിന് കുഴികുഴിക്കാൻ തന്ന സ്ഥലമായിരുന്നു ദാമു തനിക്കു കിട്ടിയ നിധി അച്ഛനെ ഏൽപ്പിക്കുന്നു അച്ഛൻ ദാമുവിനോട് പറയുന്നു ഇത് നിൻെറ ജോലിക്ക് കിട്ടിയ പ്രതിഫലമാണ് അത് നിനക്കവകാശപ്പെട്ടതാണ് ഇത് രാമുവിനെ സങ്കടപ്പെടുത്തി തൻെറ മടിയാണ് ഇതിനൊക്കെ കാരണമെന്ന് രാമു മനസിലാക്കുന്നു

പട്ടം

## കുടമാറ്റം

# കവിത

അന്ന് ഓലക്കുട . എന്നും ... മഴ .. കുട

മടക്കേണ്ടി വന്നില്ല ;

മഴ കുറഞ്ഞു . കുടമാറ്റം വന്നു :
ശീലക്കുട

ശീലമാക്കി . മടക്കിപ്പിടിക്കാം ....

ആവശ്യത്തിന് തുറക്കാം .

മഴ . വീണ്ടും കുറഞ്ഞു ;വീണ്ടും

കുടമാറ്റം ... രണ്ടായി .... മൂന്നായി .....

നാലായി ... മടക്കാം ...

ഭാരമില്ലാതെയുമായി ...
മഴ കാലം നോക്കാതെ വന്നു

പോയി .... കനമില്ലാതെ മടക്കിയ

കുട ബാഗിൽ - എന്നും

കൂടെയുണ്ട് ....

-ശ്രീ ...



- ശ്രീദേവി

കുളിയാട്

# ഹൃദയ താളം

## കഥ

ഇന്നലെ പെയ്ത മഴയുടെ താളം ഹൃദയത്തിൽ നിന്നും മായുന്നില്ല. ടെറസിൽ എവിടയോ കെട്ടിനിന്ന മഴവെള്ളം ഇടയ്ക്കിടയ്ക്ക് തുള്ളികളായി താഴേക്ക പതിക്കുന്ന ശബ്ദം; കുതിർന്ന് അന്തരീക്ഷത്തിൽ നിശബ്ദതയ്ക്ക് കൂട്ടായ് കേൾക്കാം. കുറ്റിക്കാട്ടിൽ നിന്ന് ചിലചിലക്കാറുള്ള കരിയിലകളുടെ ശബ്ദവും കേൾക്കാനില്ല. രാത്രിയിലെ മഴയിൽ അവ തണുത്തുവിറച്ച് എങ്ങോട്ടാണ് പറന്നുപോയത്...... പകൽ ഇത്രയും നിശബ്ദതയിൽ വീടിനകത്ത് ഞാനിതുവരെ കഴിഞ്ഞിട്ടില്ല. എന്റെ ശബ്ദത്തിനുപോലും ആവേശം കുറഞ്ഞപോലെ.ഇതെന്തൊരു പരീക്ഷണം .... കാത്തിരിപ്പിനറുതി വരാത്താതായി ജനകരികിലേക്ക് നടന്ന് പുറത്തേക്ക് എത്തിനോക്കി ഇല്ല വഴി വിജിതമാണ്. ഇലക്ട്രിക്ക് കമ്പിയിൽ എന്നും ഇരിക്കാറുള്ള സൂചിമുഖിയെപ്പോലും കാണുന്നില്ല. വാതിൽ തുറന്ന് പതിയെ പുറത്തക്കിറങ്ങി. എഴുത്തിന്റെ അലസത്തിൽ നിന്നും ഉണരണം ഒന്നു നടന്നുവരാം കവലയിലേക്കുനടക്കുമ്പോൾ കൈയ്യിൽ ചില്ലറ പൈസ കൂടി കരുതി. കടയിൽ നിന്നു വാങ്ങുവാൻ ഒന്നുമില്ലായിരുന്നു. എന്നിട്ടും കറുത്തമഷിപ്പേന ഒന്നുരണ്ടെണ്ണംവാങ്ങി. കറുപ്പുമഷിയിലേക്ക് നിറം മാറിയതെന്നാണ് ഓർമ്മയില്ല. വിജനമായ നടവഴിയിൽ ഓർമകൾ വീണ്ടെടുത്ത്
വീണ്ടും എഴുതുകയാണ്

## അരുണിമ ജെ കൃഷ്ണ



ഭൂമിയുടെ ഘാതകൻ

**കവിത**

വിഷരഹിതമായൊരു ഭൂമിയെ കിട്ടാൻ
ഇനിയെന്തുപുണ്യം ചെയണം ഞാൻ
ആർക്കും വേണ്ടാതെ മരവിച്ചുനിൽക്കുന്ന
മണ്ണിൻ തേങ്ങലിനി ആരുകേൾക്കും
മലയാള മണ്ണിൻ മാറിൽ അനശ്വര
ദീപങ്ങളർപ്പിച്ചു തൊഴുതു നിൽക്കേ
പിച്ചിചീന്തിയ അവളുടെ മെയ്യിൽ
ഇരുളിൻെറ കറപൂണ്ട ചെളിപുരട്ടി
നെഞ്ചിൽ നിന്നും............
അറിയാതെകൂടെ തേങ്ങുവാൻപോലും
കഴിയെല്ലെനിക്കീ ജൻമമൊന്നും
പാപികൾ നാമോരോരുത്തരും ഇന്ന്
പാപികൾ മാത്രം കൊടും പാപികൾ...............,.


പട്ടം

# ഇതൾ

## കവിത

*ഓർമ്മയിലേതോ ഇടനാഴിയിലൊരു മുഖം*
*മൂടുപടം നീക്കിപ്പരതിയെൻ ഹൃത്തിൽ*
*ചുട്ട നിശ്വസമോ ചഞ്ചലമായ് ...*
*കുമ്പുമെന്നിതൾ വിരിയുന്നു പൊൻപുലരി*
*തഴുകിയെൻ മേനി പാതിരാവിൽ*
*അറിയുന്നു ഞാനുഷസ്സിൽ നറുവസന്തം*
*തമസ്സിന്നഗാധമാം നെടുവീർപ്പുകൾ ...*
*സുഗന്ധം പരത്തി ഞാൻ വസന്തമാകമാനം*
*കാലം കടന്നുപോയ് വസന്തം കൊഴിഞ്ഞുപോയി*
*നിറങ്ങളോ മാഞ്ഞുപോയ് സുഗന്ധമോ ലോപമായ് ...*
*വഴിമറന്നെങ്ങോ പറന്നുവോ ശലഭവും*
*ഇന്നുമോർക്കുന്നു ഞാനെൻ മനതാരിലാ നല്ലനാളുകൾ*
*പൊഴിയുമിതൾ മാറും ഋതുക്കൾ*
ഇനി വരുമോ മധുനുകരാൻ മാനസ
പൊയ്കയിലെന്നോ വിരിയും തെളിനീരലകൾ ...
തേടും തണൽ പൂവിന്നിതളാകൻ ............

**–ശാരദ . പി . വി**



# കുഞ്ഞപ്പാട്ട്

**കവിത**

പാടിത്തുടങ്ങട്ടെ പാട്ടിന്റെ   പാലാഴി
മീട്ടുന്ന വിസ്മയത്തുമ്പു പോലെ
പാടാൻ തുടങ്ങുന്നൊരാക്കുഞ്ഞു ചുണ്ടിലും
പാടിതുടങ്ങുന്നു  മെല്ലെ മെല്ലെ
അന്നു പുലരിയിൽ  ഞാൻ ഞെട്ടി

ഞെട്ടി ഉണർന്നു മെല്ലെ
ആ പ്രഭാതത്തിൻെ ഈണവും താളവും
ഈരടി മീട്ടുന്ന പക്ഷി പോലെ
കുഞ്ഞിൻെ ചുണ്ടിൻെ പാട്ടു കേട്ടാലവർ
നോവിൻെ്‌റ പിഞ്ചിളം വാക്കു പോലെ
ചോരയിൽ മുങ്ങിക്കിടന്നൊരാ പിഞ്ചിനെ
വാരിയെടുത്തൊരാ നോവു പോലെ
ആദ്യമായി നാവിൽ വന്നൊരാ
പേരിന്നു കാലത്തിമിർപ്പിൽ തെളിഞ്ഞിരുന്നു
പാടിത്തുടങ്ങാൻ ശ്രമിച്ചൊരാ
നാവിൽ വഴങ്ങുന്നതാമ്മയെ നാം വണങ്ങീടട്ടെ എന്നുമെന്നും
നാം വണങ്ങീടട്ടെ എന്നുമെന്നും.......

തിരികെ ലഭിക്കുമോ

**കവിത**

കേരവൃക്ഷങ്ങൾ നിറഞ്ഞൊരാ നാടിനെ
ദൂരെ ദേശത്തുനിന്നോർക്കുന്നു ഞാൻ
പച്ചവിരിച്ചുനിൽക്കുമാ പാടവും അതിൽ
സ്വർണ്ണ നിറത്തിൻ കതിർ കുലയും
പാടിനടന്നൊരാ കുയിലിൻെറ നറുസ്വരം
ഇന്നുമെൻ കാതിൽ മുഴങ്ങിടുന്നു
മാമരക്കൊമ്പിൽ ചാടിക്കളിക്കുന്ന
അണ്ണാറക്കണ്ണനോടൊപ്പം കളിക്കുന്ന
എൻ കളിക്കൂട്ടുകാരോർക്കുന്നു ഞാൻ.......
അച്ഛൻെറ കൂടെ പാടവരമ്പത്തു
നെൽക്കതിരെല്ലാം നടുന്നനേരം
അമ്മവരും എൻ വിശപ്പകറ്റാൻ
ഒരു നല്ല പാത്രത്തിൽ കഞ്ഞിയുമായ്
ഈ കാലം തിരികെ വരില്ലെന്നറിഞ്ഞു ഞാൻ
ദൂരദേശത്തേക്ക് യാത്രയായി...........
അവിടെയുണ്ടതാ വലിയ കെട്ടിടങ്ങൾ
കേരവൃക്ഷങ്ങൾ നോക്കിയിറങ്ങി ഞാൻ
ഒരു വലിയ വൃക്ഷത്തിൽ മുൻപിലെത്തി
അതു മാത്രമെയുള്ളൂ ശേഷിച്ചത് എൻമുമ്പിൽ
അതുമാത്രമേയുള്ളൂ ശേഷിച്ചത്............
എന്തിനാണിങ്ങനെ കൊല്ലുന്നത് നമ്മുടെ നാടിൻെര
ഗ്രാമഭംഗി
തിരികെ ലഭിക്കാൻ ഞാൻ പ്രാർത്തിക്കുമിപ്പോഴും
നമ്മുടെ നാടിൻെറ ഗ്രാമഭംഗി
പഴയ പ്രകൃതിതൻ സമ്പത്തുകൾ.........

മാനസ 8 എ

## സുഗതകുമാരി

ഇംഗ്ലണ്ടിലെ ലണ്ടൻ നഗരത്തിലൂടെ ഒഴുകുന്ന നദിയാണ്
തെംസ്നദി.
വ്യവസായവൽക്കരണത്തിന്റെയും നഗര
വൽക്കരണത്തിന്റെയും ഫലമായി കാല ക്രമേണ മലിനവും
നിർജീവവുമായി തീർന്നു ഈ നദി.
വളരെ ആളുകളുടെ പരിശ്രമ ഫലമായി ആ നദി
തെളിഞ്ഞൊയുകുകയും
അതിലെ പ്രസിദ്ദങ്ങളായ സാമൺ മൽസ്യങ്ങളും
അരയന്നങ്ങളും തിരിച്ചു വന്നിരിക്കുന്നു എന്ന പത്ര റിപ്പോർട്ടാണ്
സുഗതകുമാരിയുടെ ഈ കവിതയ് ക്ക് അടിസ്ഥാനം.
നദിയോട് അനുരാഗം കലർന്ന
ഒരാൾ നദിയെ കണ്ടു വേദനിച്ചുവെന്നും അയാളുടെ കണ്ണിൽ
നിന്നും വീണ നീർത്തുള്ളികൾ നദിയെ പുഞ്ചിരിപ്പിച്ചുവെന്നും
കവി പറയുന്നു. അയാളു
ടെ രണ്ട് കൈകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്
ആയിരം കൈകൾ നദിയെ ശുദ്ദീകരിക്കാനായി മുന്നോട്ടു വന്നു
. ഇന്ന് സാമൺ മൽസ്യങ്ങൾ കുതിച്ചുനിങ്ങുന്ന
നദിപുഞ്ചിരിക്കുന്നതായി കവി പറയുന്നു......

സിൽന

# ജി എച്ച് എസ് കുളിയാട്

# ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ



പട്ടം